# ഗവ. എൽ .പി. എസ്
# കുളത്തൂർ

## 2025-2026

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ഉണർവ്

# ആമുഖം

നമ്മുടെ വിദ്യാലയങ്ങളെ സമഗ്ര ഗുണമേന്മയുള്ള വിദ്യാലയങ്ങളാക്കി തീർക്കേണ്ടതിന് കുട്ടികളുടെ സർവതോൻ മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തന പദ്ധതികളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ നടപ്പാക്കേണ്ടത്. "അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്" എന്ന ആശയത്തിൽ ഊന്നി കുട്ടികളുടെ സമഗ്ര വികാസം അതായത് ധാരണകളിലും ശേഷികളിലുമുള്ള വികാസം കുട്ടികളുടെ മൂല്യങ്ങളിലും മനോഭാവത്തിലും ഉണ്ടാകേണ്ട വ്യതിയാനം ഭാഷാപ്രാവീണ്യം, തങ്ങളുടെ കഴിവുകളുടെ പ്രകടനം ,ആനുകാലിക പരിജ്ഞാനം എന്നിവ ലക്ഷ്യമാക്കി നമ്മുടെ വിദ്യാലയം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ .സാമൂഹിക പങ്കാളിത്ത വിദ്യാഭ്യാസത്തിലൂടെ പൊതു വിദ്യാലയങ്ങൾ നാടിന്റെ പ്രിയപ്പെട്ട വിദ്യാലയങ്ങൾ ആയി മാറുന്നു. വിദ്യാലയ ഗുണമേന്മ സമൂഹം വിലയിരുത്തുന്നത് പഠിതാക്കളിലൂടെ അത് സമൂഹത്തിൽ എത്തുമ്പോഴാണ് .അത് സാധ്യമാകും വിധം കാഴ്ചപ്പാടും ചിന്തയും പ്രവർത്തനവും ഏകോപിച്ചുകൊണ്ട് ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട് .

വരും തലമുറയ്ക്കുവേണ്ടിയുള്ള ഒരു കരുതലാവട്ടെ ......

# കാഴ്ചപ്പാട്

കേരളത്തിൻ്റെ തനതായ വിദ്യാഭ്യാസ രീതിയാണ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം. സാമൂഹി നവോത്ഥാനത്തെ തുടർന്ന് ഭൂപരിഷ്കരണവും വിദ്യാഭ്യാസ ബില്ലും നടപ്പിലാക്കിയതിൻ്റെ ഫലമായാണ് പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമായത്. ഇന്ന് വിദ്യാഭ്യാസ മേഖല പല വെല്ലുവിളികളും നേരിടുന്നു ഇത് മറികടക്കാനായി നാം വരും തലമുറയ്ക്കായി പൊതു വിദ്യാഭ്യാസത്തെ സംരക്ഷിച്ച് ശക്തിപ്പെടുത്തണം. കേരളത്തിലെ മുഴുവൻ കുട്ടികളും പൊതു വിദ്യാഭ്യാസ സംവിധാനത്തെ പ്രയോജന പ്പെടുത്തേണ്ടതുണ്ട്. ഇതിനായി അവസര തുല്യത , പങ്കാളിത്തം, ഗുണ നിലവാരം, മാനവികത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് മുന്നോട്ട് പോകുന്നത്. കുട്ടിയുടെ സമഗ്ര വികാസമായിരിക്കണം നാം പരമപ്രധാനമായി കാണേണ്ടത്. നമ്മുടെ വിദ്യാലയം കുട്ടികളുടെ കഴിവുകളുടെ വികാസം ലക്ഷ്യമിട്ടുകൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരാൻ നമ്മുടെ വിദ്യാലയത്തിന് പാഠ്യ പാഠ്യേതര മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും എന്നതിനെ ക്കുറിച്ച് നമുക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്.

*പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാക്കണം.

* പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവും വേണം.

* ഓരോ കുട്ടിയും മലയാളത്തിലും ഇംഗ്ലീഷിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടണം.

*ആരോഗ്യ പരമായ അവസ്ഥ സൃഷ്ടിക്കണം.

*പരിസ്ഥിതി സൗഹൃദ വിദ്യാലയം എന്ന ആശയം പ്രാവർത്തിക മാക്കണം.

* പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേകം പരിഗണന നൽകി മുഖ്യ ധാരയിൽ എത്തിക്കണം.

* കാർഷിക സംസ്കാരം വളർത്തണം.

*നല്ല ശീലങ്ങൾ പുതിയ തലമുറയിൽ വളർത്തി എടുക്കണം.
*ക്ലാസ് പി.ടി.എ ശക്തമാക്കണം.

ഈ കാഴ്ചപ്പാടുകളിലൂടെ നമ്മുടെ സ്കൂളിനെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റാൻ സഹായകമായ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. അതിലൂടെ മികച്ച വിദ്യാഭ്യാസം പൊതു സമൂഹത്തിന് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിദ്യാലയ ചരിത്രം

1900-ാം ആണ്ടിൽ കുളത്തൂർ ഗ്രാമപ്രദേശത്ത് രാജസേവ പ്രവീൺ ജി. പരമേശ്വരൻ പിള്ളയുടെ അമ്മാവനായിരുന്ന പറയൻ മുട്ടത്ത് പുത്തൻവീട്ടിൽ ശ്രീ പത്മനാഭപിള്ളയുടെ പരിശ്രമത്താൽ ഈ സ്കൂൾ ഒരു കുടി പള്ളി ക്കൂടമായി ആരംഭിച്ചു. ഈ പ്രദേശത്തെ ആളുകൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ഇത് സ്ഥാപിതമായത്. മലയാളം സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം പിൽക്കാലത്ത് ഏഴാം ക്ലാസായും ഹൈസ്കൂളായും വൊക്കേഷണൽ ഹയർ സെക്കൻഡറിയായും പിന്നീട് ഹയർ സെക്കൻഡറി ആയും ഉയർത്തപ്പെട്ടു. ഇപ്പോൾ LP വിഭാഗം പ്രത്യേക കെട്ടിടത്തിൽ പ്രത്യേക കോമ്പൗണ്ടിൽ പ്രവർത്തിച്ച് വരുന്നു. ഇപ്പോൾ ഇവിടെ നല്ല രീതിയിൽ ഒരു പ്രീ - പ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. LP വിഭാഗത്തിൽ പ്രഥമാധ്യാപിക ഉൾപ്പെടെ 12അധ്യാപകര്യം പ്രീ പ്രൈമറി വിഭാഗത്തിൽ 4 അധ്യാപകരും 3 ആയമാരും സേവനം ചെയ്തു വരുന്നു. ഏകദേശം 350 വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു. ഈ വിദ്യാലയത്തിൽ ഏറെയും നിർധനരായ വിദ്യാർഥികളാണ് പഠിക്കുന്നത്. SSK യുടെയും ഗ്രാമ പഞ്ചായത്തിൻ്റെയും PTA യുടെയും അധ്യാപകരു ടെയും നിരന്തര ശ്രമ ഫലമായി ഈ വിദ്യാലയം ഇന്ന് എല്ലാ രംഗത്തും മുൻപന്തിയിൽ നിൽക്കുന്നു

## <u>പൊതു ലക്ഷ്യം</u>

സമഗ്ര ഗുണ മേന്മ വിദ്യാഭ്യാസ പരിപാടിയിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രങ്ങളാക്കി മാറ്റുക `

## <u>പ്രവർത്തന കലണ്ടർ</u>

| SL No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണ ശില്പശാല | 2025 ജൂൺ രണ്ടാം വാരം |
| 2 | അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നടപ്പാക്കൽ (സ്കൂൾ കലണ്ടറിൽ ഉൾപ്പെടുത്തി നടപ്പാക്കൽ) | 2025 ജൂൺ 20 മുതൽ |
| 3 | പ്രവർത്തനങ്ങളുടെ വിലയിരുത്തലും ചർച്ചയും | ജൂലൈ മുതൽ മാസത്തിലൊരിക്കൽ |
| 4 | അക്കാദമിക് മാസ്റ്റർ പ്ലാൻ മികവുകളുടെയും ഉല്പന്നങ്ങളുടെയും പ്രദർശനവും മികച്ച മാതൃകകളുടെ വ്യാപനവും | 2026 മാർച്ച് മാസം |

# മധുരം മലയാളം

സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം നൽകി കൊണ്ട് ബാഹു ഇടപെടലുകളില്ലാതെ സ്വതന്ത്ര വായനയിലൂടെ ചുറ്റുപാടിനെയും സമൂഹത്തെയും മനസ്സിലാക്കാനും ആശയ വിനിമയം നടത്താനും സഹായിക്കുന്ന മാധ്യമമാണ് പുസ്തകങ്ങൾ. മുഴുവൻ കുട്ടികളെയും വായനയുടെ മാസ്മരിക ലോകത്തിലേക്കാനയിച്ച് മികച്ച വായനക്കാരും എഴുത്തുകാരുമാക്കി തീർക്കുക എന്നതാണ് മധുരം മലയാളം എന്ന കർമ്മ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അതിനനുയോജ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

- ഭാഷയോടുള്ള താത്പര്യം വളർത്തൽ
- വായന ശീലം വളർത്തൽ സർഗാത്മക രചന
- ഭാഷാപരമായ പിന്നോക്കം നിൽക്കുന്ന വർക്കായി പ്രത്യേകം പരിശീലനം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വായിക്കാം വളരാം | വായനാശീലം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ, ക്ലാസ് ലൈബ്രറി സജ്ജീകരണം, പുസ്തക പരിചയം, രചന പരിചയക്കുറിപ്പ് | JUNE-FEBRUARY |
| അക്ഷരക്ലാസ് | എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള ക്ലാസ് | എല്ലാ ദിവസവും അര മണിക്കൂർ |
| കഥോത്സവം | വായിച്ച കഥ അവതരിപ്പിക്കൽ, ചിത്രവായന, ചിത്രകഥാ വായന ക്ലാസ് 1,2 | എല്ലാ മാസവും ഒന്ന് |

| | | |
|---|---|---|
| കാവ്യോത്സവം | കവിതകൾ താളമിട്ട് പാടൽ | JUNE-MARCH |
| സർഗാത്മക ഡയറി | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഡയറി രൂപത്തിൽ | JUNE -MARCH |
| സർഗോത്സവം | ഭാഷാ പഠനത്തിൻ്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം - സർഗാത്മക ഡയറി ,രചനാ പരിചയക്കുറിപ്പ് | MARCH |

# ശാരീരിക ചാലികാ വികാസം

ലക്ഷ്യം:

കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുക.

എല്ലാ ദിവസവും അസംബ്ലിയിൽ ലഘുവ്യായാമ പരിശീലനം നൽകുന്നു. സുംബ ഡാൻസിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു

# MAGIC MATHS

ഗണിത പഠനം കൂടുതൽ രസകരമാക്കുന്നതിനും അതാതു ക്ലാസുകളിൽ നേടിയിരിക്കേണ്ട ഗണിത ശേഷികൾ എല്ലാ കുട്ടികളും ആർജിക്കുന്നതിനും വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന അക്കാദമിക മുന്നേറ്റ പരിപാടിയാണ് Magic Maths

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന സമയം |
|---|---|---|
| 1. കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം രസകരമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം കളികൾ - എണിയും പാമ്പും, കച്ചവടക്കളി, സംഖ്യാചക്രം ...etc | JUNE |
| ഗണിത ചിന്താശേഷി വളർത്തൽ | സ്ഥാനവില ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ (അരബിന്ദ് ഗുപ്ത സ്ട്രിപ്പ് ഉപയോഗിച്ച്) ഗണിത പസിലുകൾ , കുസൃതി കണക്കുകൾ | JULY -AUGUST |
| 3.ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ സംഖ്യാചക്രം - ആദ്യം നൂറിൽ എത്തുന്നതാര് ,മാന്ത്രിക ചതുരം. | SEPTEMBER - DECEMBER |
| ഗണിത പഠനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു. | NOVEMBER - DECEMBER |
| ഗണിതശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി, പസിലുകൾ, കുസൃതിക്കണക്കുകൾ ക്വിസ് പാറ്റേൺ | JANUARY-FEBRUARY |

| | | |
|---|---|---|
| | പഠനോപകരണങ്ങളുടെ പ്രദർശനം | |

# പരിസര പഠനം

## ശാസ്ത്ര ച്ചെപ്പ്

സ്കൂളിലെ മുഴുവൻ കുട്ടികളെയും ശാസ്ത്രീയ മനോഭാവമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രച്ചെപ്പ് എന്ന പ്രവർത്തന പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ
- ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ
- പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങളിൽ താത്പര്യപൂർവം പങ്കെടുക്കൽ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശാസ്ത്ര മൂല | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ തയ്യാറാക്കൽ , പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | JUNE-JULY |
| ഫീൽഡ് ട്രിപ്പ് /ശാസ്ത്ര യാത്ര | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ മുൻ തീരുമാനപ്രകാരം പ്രകൃതി നടത്തം സംഘടിപ്പിക്കുന്നു കുട്ടികളിൽ നിരീക്ഷണ പാടവം വളർത്തുന്നു | വർഷത്തിൽ മൂന്ന് |
| ഭൂപട നിർമ്മാണം - | ഭൂപട വായന ,സൂചിക തയ്യാറാക്കൽ, ഭൂപടം | OCTOBER |

| | | |
|---|---|---|
| കേരളം ഇന്ത്യ ഭൂപട വായന | സ്വയം തയ്യാറാക്കൽ സഹപാഠികളോടൊപ്പം ചേർന്ന് നിർദ്ദിഷ്ട സ്ഥലം ഭൂപട രൂപത്തിൽ തയ്യാറാക്കുന്നു. eg: സ്കൂൾ | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പത്ര കട്ടിങ്ങുകൾ എന്നിവ പ്രത്യേകം ശേഖരിക്കുന്നു. ശാസ്ത്ര വിസ്മയ ചുമരിൽ പതിപ്പിക്കുന്നു | JULY-FEBRUARY |
| ശാസ്ത്രോത്സവം | പഠനോത്സവവുമായി ബന്ധപ്പെട്ട് ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗിക്കുന്നു. പരീക്ഷണങ്ങൾ | വർഷത്തിൽ ഒന്ന് |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | പഠനവുമായി ബന്ധപ്പെട്ട് ക്ലാസിൽ നിർമ്മിക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പുകൾ, ചാർട്ട്, ആൽബം , പരീക്ഷണം | വർഷത്തിൽ ഒന്ന് |
| ശാസ്ത്ര മാസിക | കണ്ടെത്തിയ അറിവുകളുടെ രചന - അവതരണം | വർഷത്തിൽ ഒന്ന് |

# വിജ്ഞാനച്ചെപ്പ്

## ലക്ഷ്യം

- മുഴുവൻ കുട്ടികളെയും 1000 പൊതുവിജ്ഞാന ചോദ്യങ്ങൾ അറിയാൻ പ്രാപ്തരാക്കുക.
- കുട്ടികളിൽ പൊതുവിജ്ഞാനം നേടുന്നതിനുള്ള താത്പര്യം വളർത്തുക

## പ്രവർത്തന ക്രമം

- ഓരോ ദിവസവും 5 ചോദ്യങ്ങൾ വീതം നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു.
- കുട്ടികൾ GK നോട്ട്ബുക്കിൽ എഴുതിയെടുത്ത് പഠിക്കുന്നു
- മാസത്തിലൊരിക്കൽ ക്ലാസ് തല ക്വിസ് മത്സരം നടത്തുന്നു.
- വർഷാവസാനം മെഗാ ക്വിസ് സംഘടിപ്പിക്കുന്നു.
- വിജയികൾക്ക് സ്കൂൾ വാർഷിക വേളയിൽ സമ്മാനം നൽകി അനുമോദിക്കുന്നു.

## കാലയളവ്

ജൂൺ -മാർച്ച്

# ENGLISH

## RHYTHM OF ENGLISH

## Introduction

**To enable the students to read,write and speak simple English**

**Aim**

- **The learner will be able to read,write and speak simple English**
- **To develop language skills**
- **Comprehend simple passages and stories**

**Activities**

**Magic Reading Box,English Assembly,Reading Corner,English Theater,Diary Writing,English Magazine,English Fest**

| Activity | Aim | Duration |
|---|---|---|
| Magic Reading Box:With the help of parents and teachers children prepares various cards for their magic boxes | To enrich their voabulary | June,July |

| | | |
|---|---|---|
| English Assembly<br>Give opportunity to organize English Assemblies | To enhance read,write and speak English | Once in a week |
| Reading Corner:Arrange reading Corner with teacher and students including story books,reading cards and simple description | To enhance vocabulary and using simple sentences to speak | August -September |
| Diary writing:All activities in the school and house write in their diary | TO Encourage learners how to write simple English | Once in aweek |
| English Magazine:Childrens do their creative works in Simple English | To develop writing skills | Once in a year |
| English Fest:Best class room activities present in the audience | Present their reading and speaking skills confidently | Once in a year |

# ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ഭാഷ,ഗണിതം , പരിസര പഠനം എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുന്നു. കുട്ടികളുടെ വൈജ്ഞാനിക വികാസം, സർഗാത്മക ശേഷി വികാസം, ഭാഷാ വികാസം, സാമൂഹിക വൈകാരിക വികാസം, ശാരീരിക ചാലിക വികാസം എന്നീ മേഖലകളെ പരിപോഷിപ്പിക്കാൻ ഈ മാസ്റ്റർ പ്ലാൻ പ്രയോജനപ്പെടും എന്ന പ്രത്യാശയോടെ .............